**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2315** **13-09-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഗവൺമെൻറ് മെഡിക്കൽ കോളേജിനായി സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മഞ്ചേരി ഗവൺമെൻറ് മെഡിക്കൽ കോളേജിന്റെയും ജില്ലാ ആശുപത്രിയുടെയും വികസനത്തിനായി ഹോസ്പിറ്റൽ മാനേജിംഗ് സബ് കമ്മിറ്റി കണ്ടെത്തിയ അൻപത് ഏക്കർ സ്ഥലത്തിൽ ഇരുപത്തിയഞ്ച് ഏക്കർ സൗജന്യമായി ലഭിച്ചത് ഏറ്റെടുക്കാനാവില്ല എന്ന വകുപ്പിന്റെ നയം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | **മഞ്ചേരി ഗവൺമെൻറ് മെഡിക്കൽ കോളേജ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി കണ്ടെത്തുവാൻ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയെ നിയോഗിച്ചിരുന്നില്ല എങ്കിലും മഞ്ചേരി മെഡിക്കൽ കോളേജിൽ നിന്നും 2 കിലോമീറ്റർ ദൂരത്തായി 50 ഏക്കർ സ്ഥലം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ കണ്ടെത്തുകയും അത് ഏറ്റെടുക്കണമെന്ന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗങ്ങളിൽ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന ടെക്നിക്കൽ കമ്മിറ്റി ഫോർ ഡി.എം.ഇ വർക്സ് പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലം വളരെയേറെ ഉയർച്ച താഴ്ചകൾ നിറഞ്ഞതാണെന്നും അവിടേക്ക് എത്തിച്ചേരുവാൻ ആകെ ജീപ്പ് മാത്രം പോകുന്ന ഒരു വഴിയേ ഉള്ളൂവെന്നും പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കണമെങ്കിൽ പോലും ഒരുപാട് കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നും ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.**<br><br>**നിലവിൽ മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത് നഗരത്തിന്റെ ഹൃദയഭാഗത്തും എല്ലാ സ്ഥലങ്ങളിൽ നിന്നും എളുപ്പത്തിൽ എത്തിച്ചേരാവുന്ന സ്ഥലത്തുമാണ്. കോടിക്കണക്കിനു രൂപ നിലവിലെ മെഡിക്കൽ കോളേജിനായി ചിലവഴിച്ചിട്ടുമുണ്ട്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും 21.82 ഏക്കർ സ്ഥലത്താണ് നിലവിൽ സ്ഥിതിചെയ്യുന്നത്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടെയും ആശുപത്രിയുടേയും തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 13.80 കോടി രൂപയുള്ള** |

| | | | |
|---|---|---|---|
| | | | **ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള കണ്ടിജൻസി തുകയായ 50 ലക്ഷം രൂപ മലപ്പുറം എൽ.എ സ്പെഷ്യൽ തഹസിൽദാർക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകിയിട്ടുള്ളതുമാണ്. ഈ ഭൂമി കൂടി ഏറ്റെടുത്ത് ആശുപത്രിയിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കഴിയുന്നതും വിദഗ്ധ ചികിത്സ സാധാരണക്കാർക്ക് നൽകാൻ കഴിയുന്നതുമാണ്.**<br><br>**ഈ സാഹചര്യത്തിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് വികസനത്തിനായി മറ്റൊരു സ്ഥലത്ത് ഭൂമി ഏറ്റെടുക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ